നമ്പർ:115/2022

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹ പട്ടക്കാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

2022 ഫെബ്രുവരി മാസം 25-ാം തീയതി കോലഞ്ചേരിയിൽ സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ, മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ഫാ. ഏബ്രഹാം തോമസ്, ഫാ. പി. സി. തോമസ്, ഫാ. ഡോ. വർഗീസ് കെ. ജോഷ്വാ, ഫാ. വിനോദ് ജോർജ്ജ്, ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. ഡോ. റെജി ഗീവർഗീസ്, ഫാ. സഖറിയാ നൈനാൻ ചിറത്തിലാട്ട് എന്നിവരുടെ തെരഞ്ഞെടുപ്പ് 2022 ഫെബ്രുവരി മാസം 22-ാം തീയതി മുതൽ 26-ാം തീയതി വരെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം നാം നിങ്ങളെ അറിയിക്കുന്നു. മേൽപ്പട്ട സ്ഥാനാഭിഷേകം 2022 ജൂലൈ മാസം 28-ാം തീയതി വ്യാഴാഴ്ച കുന്നംകുളം പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രലിൽ നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനു മുമ്പായി ആറു പേർക്ക് റമ്പാൻ സ്ഥാനം നൽകുന്ന ശുശ്രൂഷ 2022 ജൂൺ മാസം 2-ാം തീയതി വ്യാഴാഴ്ച പരുമല പള്ളിയിൽ വച്ച് നിർവ്വഹിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പരിപാവനമായ ഈ സ്ഥാനങ്ങളിലേക്കുള്ള അഭിഷേകം ഏറ്റം അനുഗ്രഹകരമായി തീരുന്നതിന് നിങ്ങളേവരും ഇനിയുള്ള ദിവസങ്ങളിൽ മുട്ടിപ്പായി ദൈവത്തോടു പ്രാർത്ഥിക്കണം എന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 മാർച്ച് മാസം 29-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും